**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 660** **24-08-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. വിതരണ ശൃംഖലയുടെ സ്വകാര്യവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. യുടെ വിതരണ ശൃംഖല അഖിലേന്ത്യാ അടിസ്ഥാനത്തിൽ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചതിൻ പ്രകാരം ഉപഭോക്താക്കൾക്ക് ഉയർന്ന തുക ബില്ലായി അടയ്ക്കേണ്ടി വരുമോ; ഇത് തരണം ചെയ്യാൻ എന്ത് നടപടി സ്വീകരിക്കുവാൻ കഴിയും; വിശദമാക്കാമോ? | (എ) | ഇലക്ട്രിസിറ്റി ആക്ട് 2003-ൽ സുപ്രധാന മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് കേന്ദ്രസർക്കാർ ലോക്സഭയിൽ Electricity (Amendment) Act, 2022 എന്ന ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുണ്ട്. ആയത് ഊർജ്ജകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ചിരിക്കുന്നു എന്ന് അറിയുന്നു.<br><br>ഒന്നിലധികം വിതരണ കമ്പനികൾക്ക് (ഡിസ്കോമുകൾ) ഒരേ വിതരണ മേഖലയിൽ പ്രവർത്തിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനോടൊപ്പം മാതൃനിയമത്തിൽ പറയുന്നതിൽ നിന്നു വ്യത്യസ്തമായി ശൃംഖലാ വികസനത്തിന്റെയും ആയതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്വത്തിൽ നിന്നും വിതരണ കമ്പനികളെ വിട്ടുതൽ ചെയ്യും വിധമാണ് പുതിയ നിർദ്ദേശം .<br><br>വൈദ്യുതി നിയമഭേദഗതി ബിൽ 2021 മുന്നോട്ട് വച്ചപ്പോൾ ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20.02.2021ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതി മൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽ നിർദ്ദേശങ്ങളും കാര്യ കാരണ സഹിതം 15.03.2021-ലെ എ1/131/2020/ഊ.വ നമ്പർ അർദ്ധഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി 23.07.2021 തീയതിയിലെ 272/M(Ele)/L/2021 കത്ത് പ്രകാരം വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും |

വരാൻ സാധ്യതയുള്ള സംസ്ഥാനത്തിന്റെ ആശങ്കകളും പ്രശ്നങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 05.08.2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

പൊതുജനങ്ങൾക്ക് ദോഷകരമാകാൻ സാധ്യതയുള്ള ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന്റെയും സ്റ്റാന്റിങ് കമ്മിറ്റിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് അവ ഒഴിവാക്കുന്നതിനായുള്ള നടപടികൾ കേരളസർക്കാർ സ്വീകരിച്ചുവരുന്നു.

വിതരണ രംഗം ലാഭകരമായ നഗരപ്രദേശങ്ങളിൽ മാത്രമായി പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന ലാഭകരമായ ഉപഭോക്താക്കളെ അടർത്തിയെടുക്കുന്നതിനും സ്വകാര്യ കമ്പനികൾ ശ്രമിക്കാനിടയുണ്ട്. ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും വൈദ്യുതി നൽകുന്നത് പൊതുമേഖലയുടെ ബാധ്യത ആകും. ലാഭസാധ്യത സ്വകാര്യ സ്ഥാപനങ്ങൾക്കും നഷ്ടസാധ്യത പൊതുമേഖലയ്ക്കും എന്ന അവസ്ഥ പൊതുമേഖലയുടെ തകർച്ചയിലേക്കും ക്രമേണ സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേക്കും നയിക്കും. വർഷങ്ങളുടെ പ്രയത്നം മൂലം കേരളം കൈവരിച്ച സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാൻ ആകുന്ന വിലയ്ക്ക് വൈദ്യുതി വിതരണം തുടങ്ങിയ നേട്ടങ്ങൾ നഷ്ടപ്പെടാം. വനാന്തരങ്ങളിലും മറ്റ് വിദൂര പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതാകും എന്നും ആശങ്കപ്പെടുന്നു.

പുതിയ ഭേദഗതി ബിൽ, ഡിസ്കോമകൾക്ക് ചിലവിന് അനുസൃതമായി വൈദ്യുത ചാർജ് ഏർപ്പെടുത്തുവാനുള്ള അധികാരം നൽകുന്നു. റെഗുലേറ്ററി കമ്മീഷനുകൾ ഇതിന് പര്യാപ്തമായ രീതിയിൽ ഫോർമുല തയ്യാറാക്കേണ്ടതുണ്ട്. ഇപ്രകാരം വരുമ്പോൾ വൈദ്യുതി നിരക്ക് ഇടയ്ക്കിടെ മാറാനും

| | | | |
|---|---|---|---|
| | | | റെഗുലേറ്ററി കമ്മീഷന്റെ ‘പ്രൂഡൻസിചെക്ക്’ ചെയ്യാനുള്ള അവസരം ഇല്ലാതാവുകയും ചെയ്യും. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലപോലെ അസ്ഥിരമായ വില നടപ്പിലാകാൻ സാധ്യതയുണ്ട്. ഇത് ഗണ്യമായ താരിഫ് വർദ്ധനയ്ക്ക് കാരണമാകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ